LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഐ.ടി. മേഖലകളിലും പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് അവരുടെ കുഞ്ഞുങ്ങളെ മുലയൂട്ടാനാവശ്യമായ സൗകര്യം തൊഴിൽ സ്ഥാപനങ്ങളിൽ തന്നെ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി&സി) നിലവിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യത്തിന് മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000 രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇതിൻപ്രകാരം തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ എല്ലാ സ്ത്രീ തൊഴിലാളികൾക്കും മൂന്ന് മാസത്തെ മിനിമം വേതനം അല്ലെങ്കിൽ 15,000 രൂപ ഇതിൽ ഏതാണോ കുറവ് അത് നൽകിവരുന്നു. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് മൈനർ ഫാക്ടറി, മേജർ ഫാക്ടറി, പ്ലാന്റേഷൻ തുടങ്ങി ബോർഡിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുക മാത്രമാണ് ചെയ്യുവരുന്നത്.

(ഡി) മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് സെൻട്രൽ ആക്ട് ആയതിനാൽ ഈ ആക്ടിനുള്ള ഭേദഗതി കേന്ദ്ര സർക്കാർ തലത്തിലാണ് പ്രാബല്യത്തിൽ വരുത്തേണ്ടത്.

## ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ

**247 (2802)** ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നിലവിലുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) നിലവിൽ ലഭിക്കുന്ന പെൻഷൻ തുക 500 രൂപയിൽനിന്നും 1000 രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) റിട്ടയർമെന്റ് / മരണാനന്തര ആനുകൂല്യം ഇപ്പോൾ എത്ര രൂപയാണ് അനുവദിക്കുന്നത് ; ഇത് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികളെ ESI ആനുകൂല്യ പരിധിയിൽ ഉൾപ്പെടുത്തി ഹെൽത്ത് കാർഡ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് കേരള ബാർബർ-ബ്യൂട്ടിഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പ്രസ്തുത പദ്ധതിയിൽ നിന്നും താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു :

1. വിവാഹ ആനുകൂല്യം
2. പ്രസവ ആനുകൂല്യം
3. മരണാനന്തര ആനുകൂല്യം
4. വിദ്യാഭ്യാസ ആനുകൂല്യം
5. പെൻഷൻ ആനുകൂല്യം

(ബി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ പ്രതിമാസ പെൻഷൻ നിലവിൽ 600 രൂപയാണ്. ടി പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതിയിലെ അംഗങ്ങൾക്ക് അവരുടെ അംഗത്വകാലയളവിന് ആനുപാതികമായി റിട്ടയർമെന്റ് ആനുകൂല്യവും മരണമടയുന്ന അംഗത്തിന്റെ അവകാശിക്ക് 10,500 രൂപ മരണാനന്തര ആനുകൂല്യമായും നൽകിവരുന്നു. ഈ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

(ഡി) പരിഗണനയിലില്ല.

**നോക്കുകൂലി**

**248 (2803)** ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നോക്കുകൂലി അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;